ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 50 വെറ്ററിനറി പോളിക്ലിനിക്കുകളാണ് ഉള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്ക് ഇല്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്ത് കൊലപ്പെടുത്തിയ സംഭവം

311 (1754) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേപ്പട്ടിയുടെയും കീരിയുടെയും കടിയേറ്റ് എത്ര കന്നുകാലികൾ പേവിഷബാധമൂലം ചത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത ; അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്ക നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്താമോ ;

(ഇ) ഇല്ലെങ്കിൽ വെറ്ററിനറി ഡോക്ടർമാർ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്ത കൊലപ്പെടുത്തിയ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേവിഷബാധമൂലം 28 കന്നുകാലികൾ ചത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടപരിഹാരം നൽകിയിട്ടില്ല. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(സി) ഇല്ല. നായ്ക്കളുടെ കടിയേറ്റ കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ് നൽകി വരുന്നു.

(ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത് അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്കു നൽകിയിട്ടില്ല.

(ഇ) രോഗബാധയേറ്റ് അക്രമാസക്തമായ ഉരുക്കളെ ഉടമസ്ഥരുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ആവശ്യപ്രകാരം ദയാവധം നടത്തിയിട്ടുണ്ട്.

പേപ്പട്ടിയുടെ കടിയേൽക്കുന്ന വളർത്തുമൃഗങ്ങൾ

312 (1755) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടിയുടെ കടിയേൽക്കുന്ന വളർത്തുമൃഗങ്ങൾക്ക് കുത്തിവയ്പ്പ് നൽകിയിട്ടും പേയിളകുന്നതായ വാർത്തശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുത്തിവപ്പ് ഫലപ്രദമാവാതെ കൊല്ലപ്പെടുന്ന കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പേവിഷബാധയേറ്റു ചാവുന്ന വളർത്തുമൃഗങ്ങളുടെ ഉടമസ്ഥർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

താറാവുകൾക്ക് അജ്ഞാത രോഗം

313 (1756) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താറാവുകൾ അജ്ഞാത രോഗം കാരണം കൂട്ടത്തോടെ ചാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി രോഗം പടർന്നു പിടിക്കുന്നത് തടയുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly